# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **902** **10.02.2016** - ൽ മറുപടിക്ക്

## കുടിവെള്ള കണക്ഷൻ

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുടിവെള്ള പൈപ്പ് കണക്ഷന് അപേക്ഷ നൽകുന്ന സാധാരണക്കാരന് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥരിൽ നിന്നും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ; | (എ) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗാർഹിക ആവശ്യത്തിനുള്ള കണക്ഷനുകൾ നൽകുന്നതിന്റെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് 16/07/2013-ൽ ഉത്തരവായിട്ടുണ്ട്. |
| (ബി) ഒരു പ്രദേശത്ത് ഒന്നോ രണ്ടോ വ്യക്തികൾക്ക് മാത്രമായി കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് കൂടുതൽ പണം അടയ്ക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) അങ്ങനെയൊരു ഉത്തരവ് നിലവിലില്ല. നിലവിലുള്ള ലൈനും, കണക്ഷൻ എടുക്കുന്ന വ്യക്തിയുടെ മീറ്റർ പോയിന്റും തമ്മിലുള്ള ദൂരത്തിനനുസരിച്ച് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ തുക അപേക്ഷകൻ അടക്കേണ്ടതും സ്വന്തം ചെലവിൽ കണക്ഷൻ വർക്കുകൾ ചെയ്യേണ്ടതുമാണ്. കൂടുതൽ അപേക്ഷകർ ഒരു പ്രദേശത്ത് ഉണ്ടെങ്കിൽ ആവശ്യമായ പൈപ്പിന്റേയും മറ്റും വില ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്ത് പുതുതായി ലൈൻ എക്സ്റ്റന്റ് ചെയ്ത് കണക്ഷൻ കൊടുത്തു വരുന്നു. |

(സി) റോഡിന്റെ ഒരു വശത്തുകൂടി പോകുന്ന പൈപ്പ് ലൈൻ റോഡ് ക്രോസ്സ് ചെയ്ത് മറുവശത്തുള്ളവർക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിയില്ലെന്നും അഥവാ അങ്ങനെ വേണമെങ്കിൽ പൊതുമരാമത്തിന്റെ അനുമതി കക്ഷികൾ വാങ്ങി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ക്രോസ് ചെയ്ത് കണക്ഷൻ നൽകുവാൻ വകുപ്പിന്റെ അനുമതി ആവശ്യമാണ്. അത് കണക്ഷൻ അപേക്ഷിക്കുന്ന വ്യക്തി സ്വന്തം ചെലവിൽ വാങ്ങേണ്ടതും അത് ലഭിക്കുന്ന മുറയ്ക്ക് റോഡ് കട്ട് ചെയ്ത് കണക്ഷൻ എടുക്കുവാൻ അനുവദിക്കുകയുമാണ് ചെയ്തു വരുന്നത്. ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ